LIBRARY ARCHIVES Kerala Legislative Assembly

ലൈറ്റ് മെട്രോ പദ്ധതികൾ

263 (1297) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച അന്തിമ നിലപാട് വെളിപ്പെടുത്തുമോ ;

(ബി) ധനവകുപ്പ് ഇക്കാര്യത്തിൽ മുന്നോട്ടുവച്ച നിർദ്ദേശം എന്തായിരുന്നു ; നിർദ്ദേശങ്ങൾ അടങ്ങിയ ഫയലിന്റെ ശരി പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഡി.എം.ആർ.സി.-യും ശ്രീ. ഇ. ശ്രീധരനും മുന്നോട്ടുവച്ച നിർദ്ദേശം എന്തായിരുന്നു ; നിർദ്ദേശം സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) ലൈറ്റ് മെട്രോ പദ്ധതിക്കുള്ള വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി നൽകുന്നതിനായി ധനകാര്യ വകുപ്പിന്റെയും പ്ലാനിംഗ് ബോർഡിന്റെയും നിർദ്ദേശങ്ങൾ സഹിതം സർക്കാർ പരിശോധിച്ചുവരുന്നു. ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.* തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോയുടെ മാതൃകയിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരഭമായി നടപ്പിലാക്കണം എന്നതാണ് ഡി.എം.ആർ.സി. സമർപ്പിച്ച ഡി.പി.ആർ-ൽ ശിപാർശ ചെയ്തിട്ടുള്ളത്. ഈ ഡി.പി.ആർ.-ന് അംഗീകാരമായിട്ടില്ല.

മേലുകര-റാന്നി റോഡ് ടാറിംഗ്

264(1298) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേലുകര-റാന്നി റോഡ് ബി.എം&ബി.സി. നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിനായി എത്ര തുക അനുവദിച്ചു ; എന്നാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ റോഡിന്റെ നിർമ്മാണം ടെൻഡർ ചെയ്തിരുന്നോ ; ഉണ്ടെങ്കിൽ എന്നാണ് ടെൻഡർ ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇനിയും ഈ റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇത് പരിഹരിച്ച് ഉടൻ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 13-9-2013-ലെ സ.ഉ.(സാധാ.) നമ്പർ 1237/2013/പൊ.മ.വ. പ്രകാരം 9,29,34,027 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 11-7-2014-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ അംഗീകരിക്കുകയും കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) പ്രവൃത്തി ആരംഭിച്ചു.

ചേമ്പർ ഓഫ് കൊമേഴ്സ് ജംഗ്ഷൻ മുതൽ അറക്കൽ പാലസ് - താഴെചൊവ്വ വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ

265 (1299) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ എൻ.എച്ച്. 17-ൽ ചേംബർ ഓഫ് കോമേഴ്സ് ജംഗ്ഷൻമുതൽ അറക്കൽ പാലസ്-താഴെ ചൊവ്വ വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 2009-ൽ ഏത് ഉത്തരവുപ്രകാരമാണ് ഭരണാനുമതി നൽകിയത് ; എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത് ;

(ബി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തത് എപ്പോഴാണ് ; ഏത് കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത് ;

(സി) എസ്റ്റിമേറ്റിനേക്കാൾ എത്ര ശതമാനം അധികരിച്ച തുകയ്ക്കാണ് കരാർ അംഗീകരിച്ചത് ; കരാർ പ്രകാരം എന്നായിരുന്നു പ്രവൃത്തി പൂർത്തീകരിക്കേണ്ടത് ;

(ഡി) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതെന്തുകൊണ്ടാണ് ;

(ഇ) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുവാനോ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുവാനോ തയ്യാറാകാത്ത കരാറുകാരന്റെ അഭ്യർത്ഥനപ്രകാരം എസ്റ്റിമേറ്റിനേക്കാൾ എത്രശതമാനം അധികരിച്ച തുകയാണ് ഇപ്പോൾ പുതുക്കിയ ഭരണാനുമതി നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly